പതിമൂന്നാം കേരള നിയമ സഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5015. 24.10. 2011-ൽ മറുപടിയ്ക്ക്

## കേന്ദ്ര പദ്ധതികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ഇ. പി. ജയരാജൻ. | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പു മന്ത്രി) |
| (എ) ആരോഗ്യ വകുപ്പും, ആരോഗ്യ വിദ്യാഭ്യാസ വകുപ്പും കേന്ദ്ര പരിഗണനയ്ക്കായി സമർപ്പിച്ച പദ്ധതികൾ എന്തൊക്കെയായിരുന്നുവെന്നു വ്യക്തമാക്കുമോ ; | (എ) ആരോഗ്യ വിദ്യാഭ്യാസ വകുപ്പ് താഴെപറയുന്ന പദ്ധതികൾക്ക് കേന്ദ്രസഹായം ലഭിക്കുന്നതിന് പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്.<br>1. പി.എം.എസ്.എസ്. വൈ. (തേർഡ് ഫേയ്സ് ) പദ്ധതി പ്രകാരം കോഴിക്കോട് മെഡിക്കൽകോളേജിന്റെ വികസനത്തിനായി നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്.<br>2. എല്ലാ മെഡിക്കൽകോളേജുകളിലും മൾട്ടി ഡിസിപ്ലിനറി റിസർച്ച് ലാബ് ആന്റ് അനിമൽ ഹൗസ് അപ്ഗ്രഡേഷൻ പദ്ധതിക്ക് നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്.<br>3. കോഴിക്കോട് മെഡിക്കൽകോളേജിൽ നിംഹാൻസിന്റെ വികസനത്തിനായി പദ്ധതി സമർപ്പണത്തിലുണ്ട്.<br>4. ദേശീയ കാൻസർ നിവാരണ പദ്ധതി പ്രകാരം കോഴിക്കോട് മെഡിക്കൽ കോളേജിനും ആലപ്പുഴ മെഡിക്കൽ കോളേജിനും കേന്ദ്ര സഹായം ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.<br>5 ദേശീയ അന്ധതാ നിവാരണ പദ്ധതി പ്രകാരവും വിവിധ പദ്ധതികൾക്ക് അപേക്ഷിച്ചിട്ടുണ്ട്.<br>6. കോട്ടയം, കോഴിക്കോട് മെഡിക്കൽ കോളേജുകളിലെ ഫാർമസി സ്ഥാപനങ്ങളുടെ ഉന്നമനത്തിനായി കേന്ദ്ര സഹായം ലഭിക്കുന്നതിന് അപേക്ഷിച്ചിട്ടുണ്ട്.<br>7. തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട് നേഴ്സിംഗ് കോളേജുകളുടെ ഉന്നമനത്തിനായി പ്രേപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.<br>8. തൃശ്ശൂർ മെഡിക്കൽ കോളേജിൽ പി.ജി. സീറ്റ് വർദ്ധിപ്പിക്കുന്നതിനായി നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്. |

തിരുവനന്തപുരം, ആറ്റിങ്ങൽ, കൊട്ടാരക്കര, മാവേലിക്കര, മൂവാറ്റുപുഴ,ആലുവ എന്നിവിടങ്ങളിൽ ജി.എൻ.എം നേഴ്സിംഗ് സ്കൂളുകൾ സ്ഥാപിക്കുന്നതിനായി ആരോഗ്യ വകുപ്പ് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ച പ്രപ്പോസൽ, പ്രസ്തുത പദ്ധതിക്ക് കേന്ദ്രസർക്കാർ തീരുമാനിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്ക് അനുസൃതമല്ലാത്തതിനാലും കൂടുതൽ വിശദാംശങ്ങൾ ഉൾപ്പെടുത്തേണ്ടിയിരുന്നതിനാലും കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടില്ല. പരിഷ്കരിച്ച പ്രപ്പോസൽ സർക്കാരിന് സമർപ്പിക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഇതിൽ ഏതെല്ലാം പദ്ധതികൾക്ക് അംഗീകാരം ലഭിച്ചുവെന്ന് അറിയിക്കുമോ;

(സി) അംഗീകാരം ലഭിക്കുമെന്ന് ഉറപ്പു ലഭിച്ച പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

(ബി) യും (സി) യും

തൃശ്ശൂർ മെഡിക്കൽ കോളേജിൽ പി.ജി. സീറ്റ് വർദ്ധിപ്പിക്കുന്നതിന് 26.66 കോടി രൂപയുടെ അനുമതി ലഭിച്ചു. നിംഹാൻസിനായി 30 കോടി രൂപയും ലഭിച്ചിട്ടുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജിന്റെ ഉന്നമനത്തിനായി പി.എം.എസ്.എസ്. വൈ സ്കീമിൽ സമർപ്പിക്കപ്പെട്ട നിർദ്ദേശം കേന്ദ്ര സർക്കാർ പരിഗണനയ്ക്കായി ഷോർട്ട്ലിസ്റ്റ് ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ